പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3360** **12. 12. 2014-** ലെ മറുപടി

## ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ലിബിയയിൽ കുടുങ്ങിക്കിടക്കുന്ന നഴ്സുമാരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | എ) ആഭ്യന്തര പ്രശ്നങ്ങൾ നേരിടുന്ന ലിബിയയിൽ ജോലി ചെയ്തുവരുന്ന കേരളീയരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ലിബിയയിലെ ഇന്ത്യൻ എംബസ്സി മുഖാന്തരം സ്വീകരിച്ചുവരുന്നുണ്ട്. പ്രസ്തുത വിവരം അറിഞ്ഞയുടനെ തന്നെ ട്രിപ്പോളിയിലെ ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്ഥിതി ഗതികൾ വിലയിരുത്തുകയും നോർക്ക റൂട്ട്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ സംവിധാനത്തിലൂടെ ഇവരുമായി ബന്ധപ്പെടുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്ന് ബഹു. കേരള മുഖ്യമന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും കേന്ദ്ര വിദേശകാര്യമന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നോർക്ക വകുപ്പ് മന്ത്രി 05/12/2014 – ൽ കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് അഭ്യർത്ഥിക്കുകയും തിരികെ എത്തിക്കണമെന്ന് ആവശ്യം ഉന്നയിച്ച 87 മലയാളി നഴ്സുമാരുടെ ലിസ്റ്റ് കൈമാറുകയും ചെയ്തതനുസരിച്ച് ഇവരെ കേന്ദ്ര സർക്കാരിന്റെ ചെലവിൽ നാട്ടിൽ എത്തിക്കുമെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. |
| ബി)എംബസി അധികൃതർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ? | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുങ്ങിക്കിടക്കുന്ന കേരളീയരെ നാട്ടിലെത്തിക്കുവാൻ എംബസി അധികൃതർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ